ഉത്തരം

(എ) വ്യവസായ വകുപ്പിനു കീഴിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിലും മലബാർ സിമന്റ്സ് ലിമിറ്റഡിലും എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ് (ഇ. ആർ.പി.) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സി.എം.സി. ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഇത് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇതിലേക്കായി 1,36,54,434 രൂപ ചെലവഴിച്ചിട്ടുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം നഗരസഭയിലെ അക്ഷയ സെന്ററുകളുടെ പ്രവർത്തനം

212(*T2414) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ എത്ര അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതുതായി എത്ര സെന്ററുകൾക്ക് അനുവാദം നൽകുവാൻ സർക്കാരും നഗരസഭയും ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) 2015-16 സാമ്പത്തിക വർഷം നഗരസഭ എത്ര സെന്ററുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; അനുവാദം നൽകിയിട്ടുള്ളതിൽ എത്രയെണ്ണം എസ്.സി./ എസ്.ടി. വിഭാഗക്കാർക്ക് നൽകിയിട്ടുണ്ട്;

(സി) അക്ഷയ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) അക്ഷയ സെന്റർ പോങ്ങുംമൂട് അനുവദിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് അനുവാദം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിന് പ്രത്യേക ഇളവ് നൽകുവാൻ നഗരസഭയും സർക്കാരും തയ്യാറാകുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ 35 അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 8 സ്ഥലങ്ങളിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം നഗരസഭയിൽ പുതിയ 8 അക്ഷയകേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു അക്ഷയ കേന്ദ്രം എസ്.സി. വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം അക്ഷയകേന്ദ്രങ്ങൾക്ക് വരെ അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും, കോർപ്പറേഷൻ ഭരണ സമിതിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലുമാണ് അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നത്. 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി. മി. ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ത്രിതല തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് (ആപ്ലിക്കേഷൻ സ്ക്രീനിംഗ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ) അക്ഷയസംരംഭകരെ തിരഞ്ഞെടുക്കുന്നത്. പ്ലസ്ടുവോ തത്തുല്യ യോഗ്യതയോ ഉള്ള 18 വയസ്സ് പൂർത്തിയാക്കിയ ആർക്കു വേണമെങ്കിലും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300 ചതുരശ്ര അടി ചുറ്റളവുള്ള ഒരു മുറിയും, 3 കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) പോങ്ങുംമൂട് അക്ഷയകേന്ദ്രം എസ്.സി. വിഭാഗത്തിന് അനുവദിച്ച് 3-9-2015-ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള അക്ഷയ സംരംഭക അപേക്ഷകർക്ക് 20% ശതമാനം അധികം മാർക്കും കൂടാതെ ആപ്ലിക്കേഷൻ സ്ക്രീനിംഗ്, ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയ്ക്ക് ആകെ ലഭിച്ച മാർക്കിന്റെ 10% അധികവും നല്കണമെന്നുള്ള സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

ഹജ്ജ് തീർത്ഥാടനം

213(T*2415) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ നാല് വർഷം അപേക്ഷിച്ചിട്ടും ഹജ്ജ് തീർത്ഥാടനത്തിനായി തെരഞ്ഞെടുക്കപ്പെടാത്ത എത്ര അപേക്ഷകരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മൂന്ന് വർഷവും രണ്ടു വർഷവും വീതം തുടർച്ചയായി അപേക്ഷിച്ച എത്ര പേർ നിലവിലുണ്ട് ;

(സി) നാല് വർഷം തുടർച്ചയായി ഹജ്ജിന് അപേക്ഷിച്ചവർക്ക് നറുക്കെടുപ്പില്ലാതെ അവസരം ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly